# MAR THOMA SUNDAY SCHOOL SAMAJAM

# ദിവ്യ സംഗീതോത്സവം 2024

## Juniors

1.ഞങ്ങളുടെ കർത്താവേ മാമോദീസായ്ക്കിഹ-
വന്നോരീ ദാസരേ നീ കാത്തുകൊൾ നിൻ സ്ലീബായാൽ

വെള്ളത്താൽ എൻ സ്നാപനം - വരുവോന്റേതു റൂഹായാൽ
എന്നല്ലോ സ്കറിയാസുതൻ - ആദരവോടു ചൊല്ലി

കർത്തൻ സ്നാനത്തിനായും യൂഹന്നാൻ സാക്ഷ്യത്തിനും -
ഇവനെൻ വത്സലസുതൻ - എന്നു താതനും ചൊല്ലി

2. നന്മകളഖിലം മാനുജർക്കായി - ദാനം ചെയ്തും,
സ്വർഗ്ഗവാഴ്‌വുകളയച്ചു - മരുളുന്നൊരു കർത്തൻ
ഈ വീടിനെയും വാസികളെയും - വാഴ്ത്തുമാറാക,
ഇവരുടെമേൽ കൃപയെ ചിന്തുമാറാ - ക - സദാ.

മിസ്രേനിൽ യൗസേപ്പിൻ വീടിനെ - വാഴ്ത്തീട്ടവനെ
വലിയവനാക്കി എല്ലാറ്റിലും ശ്രേഷ്ഠ - നാക്കിയ കർത്തൻ
ഈ വീടിനുമാ നന്മകളെല്ലാം - നല്കീടട്ടെ
തൻ ചിറകിൻ കീഴിവരെ - മറച്ചീടട്ടെ.

ചുങ്കക്കാരനാം സക്കായിയുടെ വീട്ടിൽ ചെന്നു,
ഇന്നീ വീടിനു രക്ഷയുണ്ടായെ - ന്നരുളിയ നാഥൻ
ആ മശിഹാ രാജൻ താൻ - ഇതിൽ പ്രവേശിച്ച്,
തൻ വലങ്കയ്യാലെല്ലാറ്റേയും - അനുഗ്രഹി - ക്കട്ടെ

കെഞ്ചുന്നെങ്ങൾ കർത്താവീശോ - നിൻ കൃപയോടു
നിൻ ദാനങ്ങളെ എങ്ങൾമേൽ - അയച്ചീടണമെ.
ഇടർച്ചവരാതെ നിൻ വഴി തന്നിൽ നടന്നീടുവാൻ,
തിന്മപെട്ടവനിൽ നിന്നെങ്ങളെ – രക്ഷിക്കേണമേ

3.ആരിടത്തിൽ പോകേണ്ടു ഞാൻ - ഈശോ നാഥാ
പാരിൽ നീ ഒഴിഞ്ഞെനിക്കാരും - തുണയില്ലേതുമേ -
ചേരുന്നടിയാർ - തിരുകൃപാസനത്തിങ്കൽ
കാരുണ്യത്താൽ - കരളലിഞ്ഞീടണമെ
പാരം ഞാനുഴലുന്നയ്യോ - പാപകൂപത്തിൽ
ഭാരത്താൽ ഞരങ്ങി വന്നിടുന്നേൻ - നിങ്കലേക്കീപാതകൻ
ഹാലേലുയ്യ - തുണചെയ്തീടണമെ

നാഥാ! നീയല്ലാതാരുള്ളെനിക്കങ്ങുയരെ -
ഭൂവിൽ ഞാനാഗ്രഹിച്ചീടുവാൻ വേറൊരുവനുമില്ലേ
അതിസുന്ദരൻ നീ മനുഷ്യവർഗ്ഗത്തിൽ
പതിനായിരത്തെക്കാളതിശ്രേഷ്ഠൻ നീയേ
മഹത്വത്തിൻ താത സമൻ നീ എന്നതിനാൽ ഞങ്ങളും
ദൂതന്മാരും സ്തുതി ചെയ്യു- ന്നെന്നേക്കും നിന്നെ -
ഹാലേലുയ്യ - സ്തുതി എന്നും നിനക്കേ
നാഥാ അനുഗ്രഹിച്ചെങ്ങളെ തുണക്കേണമേ

4.എല്ലാദിവസങ്ങളിൽ വലുതു ഞായർ ദിനം തന്നെ
ഇഹപരമാകേ സൃഷ്ടികളും - മോദിക്കുന്നീ - ദിനം
ദൈവത്രോണോസ് - ഇതിൽ മഹിമപ്പെടുന്നു
രക്ഷയിൻ സുവിശേ - ഷമിതിലറിയിക്കുന്നു.
ജീവികൾ മരിച്ചവർക്കാശ്വാസം
പ്രത്യാശയുമുണ്ടായ്
കബറിൽ നിന്നിഹ കർത്താവും
ഉയിർത്തെഴുന്നേറ്റിദിനം
ഹാലേലുയ്യ സഭമോടിക്കുന്നു - ബാറെക്മ്മാർ

## Seniors

5.കർത്താനേ രാജൻ നിൻ ബലത്തിൽ
സന്തോഷിക്കും ഹ - ഉ - ഹ
തവ രക്ഷയിലേറ്റം മോദിക്കും

നന്മയിന്നനുഗ്രഹം മുൻപിടു -
ന്നവനെ നീ ഹ - ഉ - ഹ
മാന്യമാം മുടി തൻ ശിരസ്സിൽ
ചൂട്ടുന്നു - ബാറെക്മ്മാർ

6.ദേ- വസുതനേ വലങ്കൈനീട്ടി
വാഴ്ത്തീ- ടേണമേ നീ
മണവാളനെയും, മണവാട്ടിയെയും
ശിരസ്സിൻ മുടിയെയും നീ

വാഴ്ത്തുക നാഥാ ദമ്പതികളെയും
അവരവർ നാ - മത്തിൽ നീ
വാഴ്ത്തുക ഇവരിൻ ജീവിതകാലം
വെളിവിൻ ലോകേ - നീ

ഈ - നിൻ ജനവും എന്നെന്നേക്കും
വാഴ്ത്തപ്പെടേണം
വാഴ്ത്തീടണമേ ഇഹപരലോക,
വാഴ്‌വാലിവരെ - നീ.

വാ - ഴ്ത്തീടുക നിൻ അടിയാർ വായ്കളിൻ
സ്തുതിയെ - നാഥാ നീ
വാഴ്ത്തീടുക വീണകളാൽ നിന്നെ
വന്ദനം ചെയ്തീടുവാൻ.

7.ഹാബേൽ മുതലായ
പരിശുദ്ധന്മാരുടെ കാ -
ഴ്ചകളും പ്രാർത്ഥനയും,
പരിമളമായേറ്റ
കർത്തൃകർത്താവേ നീ
പാപികളാം ഞങ്ങളുടെ
പ്രാർത്ഥനകളെയെല്ലാം
കൈക്കൊണ്ടീടേണമേ . ബാറെക്മ്മാർ

മേല്പട്ടക്കാരനാം
അഹരോന്റെ ധൂപം കൊ -
ണ്ടിസ്രായേലിന്റെ
വസന്ത വിരോധിച്ച
രക്ഷകർത്താവേ ഈ
പ്രാർത്ഥനയാൽ ഞങ്ങളുടെ
പാപരോഗം നീക്കി
സ്വസ്ഥത നൽകേണമേ.

8.ആറാംനാളതിരാവിലെ കർത്തൻ
പ്രീശരിൽ പീലാത്തോസിന്റെ
അരമനയിൽ ഏൽപ്പിക്കപ്പെട്ട്
ഏറിയ പാടുകൾ പെട്ടവിടെ
യൂദരിൻ ദുഷിവാക്കനവധിയും
സേവകരടിയിടിയസംഖ്യമായും
പാതകർ കയ്യിൽ പാതകൻപോൽ
പീഡയും സഹിച്ചു പിൻതൂക്കിടുവാൻ
ദുഷ്ടരിൻ വിധിയെ കയ്യേറ്റു - ബാറെക്മ്മാർ